കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## പറളി ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്
## 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പാലക്കാട്ജില്ല ഓഡിറ്റ് കാര്യാലയം

E-mail:-dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.പി.കെ.ഡി.17/2141/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പാലക്കാട് ജില്ലാ കാര്യാലയം
തീയതി- 31/12/2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പറളി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :- പറളി ഗ്രാമപഞ്ചായത്ത് - സാമ്പത്തിക വർഷങ്ങളിലെ 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെമ്മാറ ഗ്രാമപഞ്ചായത്തിന്റെ 2013-14,2014-15 സാമ്പത്തികവർഷങ്ങളിലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത

ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ട തുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഇ-മെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.പി.കെ.ഡി.17/2141/2016 തിയ്യതി:-31/12/2016

## *പാലക്കാട് ജില്ലയിലെ പറളി ഗ്രാമപഞ്ചായത്തിന്റെ*

## *2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.*

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പറളി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 01-06-15 മുതൽ 30-10-16. തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ (1.4.15മുതൽ 30-10-16. തിയ്യതി വരെ) എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി യിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും

വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ. എൻ. വാസുദേവൻ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 31.10.2016 മുതൽ<br>7.8.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.സുസ്മിത.കെ.വി,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.എ.ബി.സുരേഷ്.<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.വി.ആർ. ഷീജ. ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.വി.വി.ഹരിദാസ്<br>ഭരണനിർവഹണകമ്മിറ്റി<br>ശ്രീമതി.കെ.ആർ.ഗിരിജ | 1.04.15 മുതൽ 31.10.15 വരെ<br>1.11.15 മുതൽ 11.11.15 വരെ<br>12.11.15 മുതൽ 31.03.16 വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.എ.വൈ.നൗഷാദ് | 01.04.2015 മുതൽ<br>31.03.2016 വരെ |

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ആഭമോൾ | 1.04.2015 മുതൽ 20.05.2015 വരെ |
| | ശ്രീമതി.സജ്ന.ആർ | 20.5.15 മുതൽ 1.6.15 വരെ |
| | ശ്രീമതി.തുളസികെ. | 1.6.15 മുതൽ<br>1.7.15വരെ<br>3.12.15 മുതൽ 31.3.16 വരെ |
| | ശ്രീമതി.ബി.ജയനിർമല | 1.7.15 മുതൽ 2.12.15 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.കെ.സി.ജയദാസ് | 1.04.2015 മുതൽ 24.7.2015 വരെ |
| | ശ്രീമതി.സി.എസ്.മിനി | 27.8.15 മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീ.ശ്രീകുമാർ | 1.04.2015 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി.ഉഷ | 1.04.2015 മുതൽ 31.03.2016 വരെ |
| വെറ്റിനറി സർജൻ | ഡോ: നസീമ | 1.04.2015 മുതൽ 31.03.2016 |

| | | |
|---|---|---|
| | | വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.ലിമ.എം.എൽ | 1.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ.എസ്.അജിതകുമാരി | 1.04.2015 മുതൽ 31.03.2016 വരെ |
| വി.ഇ.ഒ. | ശ്രീ.ജെ.പ്രസാദ് | 1.04.2015 മുതൽ 31.03.2016 വരെ |
| എച്ച്.എം | ശ്രീ.സന്തോഷ് കുമാർ.പി.കെ | 1.04.2015 മുതൽ 31.03.2016 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ആഷ.ബി | 1.04.2015 മുതൽ 31.03.2016 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ്/പുതുക്കിയ ബജറ്റ് 30-3-2015 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത മുൻബാക്കി 27904678 രൂപയും വരവ് 161608000 രൂപയും ചെലവ് 158805400 രൂപയുമാണ്. നീക്കിയിരിപ്പ് 30707298/- രൂപയാണ്.

ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും

തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2. വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31-7-2016 | 18-8-2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|
| 2015-16 | സാക്ഷ്യപത്രം റിപ്പോർട്ടിനോടൊപ്പം അനുബന്ധമായി ചേർത്തിച്ചിട്ടുണ്ട്. |

## 1-4 സാമ്പത്തിക വിശകലനം

| | 2015-16 |
|---|---|
| മുന്നിരിപ്പ് | 34913774 |
| വരവ് | 63210643 |
| ആകെ | 98124417 |
| ചെലവ് | 66149173 |
| നീക്കിയിരിപ്പ് | 31975244 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | മറ്റ് ഫണ്ടുകളിൽ നിന്നും പിൻവലിച്ച് നിക്ഷേപിച്ച തുക | തൻ വർഷ വരവ് | ആകെ | ചെലവ് | ലാപ്സായ തുക | നീക്കിയിരിപ്പ് (RP 40 b പ്രകാരം) |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 951414 | 11306403 | | 0 | | | 0 |
| | Consolidated fund (allotment) | | 10025240 | 10025240 | 726427 | 9298813 | 0 |
| വികസന ഫണ്ട് എസ്.സി.പി | 9574459 | | | 9574459 | 9574459 | | 0 |
| | Consolidated fund (allotment) | | 12998001 | 12998001 | 7677347 | 5320654 | |
| സംരക്ഷണ ഗ്രാന്റ് റോഡ് | 556622 | | | 556622 | 556622 | | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| | Conso lidated fund (allot ment) | | 3986000 | 3986000 | 3919653 | 66347 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 553418 | | | 553418 | 553418 | | 0 |
| | Conso lidated fund (allot ment) | | 3529000 | 3529000 | 2305414 | 1223586 | |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3017500 | | 2487133 | 3017500 | 55046733 (2863900 tr. Cr to pl(gl) | | 0 |
| | Conso lidated fund (allot ment) | | 4941701 | | 3904564 | 1037137 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 3628000 | | | 3628000 | 3566592 | 61408 | |
| | Conso lidated fund (allot ment) | | - | | | | |

(*) വി.പി.എഫ്.എ 2 വിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തത്. -

From SCP - 4814503

13 F.C - 2863900

11/15 ന് ശേഷം കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും സർക്കാർ 10025240 രൂപ അലോട്ട്മെന്റ് അനുവദിച്ചുവെങ്കിലും 72647 രൂപ മാത്രമാണ് ചെലവഴിച്ചത്. എസ്.സി.പി., ഫൈനാൻസ് കമ്മീഷൻ ഗ്രാന്റ് എന്നിവയിലെ മുൻബാക്കി തുക പ്ലാൻ ജനറിലേക്ക് ട്രാൻസ്പർ ക്രെഡിറ്റ് ചെയ്ത തുകയും പൂർണ്ണമായും വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല. ലഭ്യമായ ഫണ്ടുകൾ പരമാവധി വിനിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|---|---|
| 2015-16 | 215 | 70899767 | 154 | 41070541 | - | 61 |

2015-16 വർഷത്തിൽ അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ 72% പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 58% മാത്രമാണ്

ചെലവഴിച്ചിട്ടുള്ളത്.

# 1-7 തനത് വരുമാനം

| ഇനം | മുൻവർഷ വരവ് | തൻവർഷം വരവ് | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 4848483 | 3479391 | -1369092 | -28.23% |
| നികുതിയേതര വരവുകൾ | 1682863 | 1278600 | -404263 | -24.02% |
| ആകെ | 6531346 | 4757991 | -1773355 | -27.15% |

# 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി.

തൻവർഷം ലഭിച്ച പെൻഷൻ അപേക്ഷകളിൽ 30-45 ദിവസത്തിനകം തീരുമാനമെടുത്തിട്ടുണ്ട്.വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനെമടുത്തവ | നിരസിച്ചവ |
|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 21 | 8 | 13 |
| 2 | വിധവാ പെൻഷൻ | 81 | 78 | 3 |
| 3 | വികലാംഗ പെൻഷൻ | 46 | 36 | 10 |

| | | | | |
|---|---|---|---|---|
| 4 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 5 | 5 | 0 |
| 5 | വാർദ്ധക്യകാല പെൻഷൻ | 283 | 259 | 24 |

# 1-9 പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി

പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധിക്കായി അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിലും 2015-16 ൽ വരവും ചെലവുമില്ല. ദുരിതാശ്വാസനിധി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-10 തെരുവുവിളക്കുകളുടെ പരിപാലനം/വൈദ്യുതി ചാർജ്ജ്

വൈദ്യുതി ബോർഡിന്റെ കണക്കനുസരിച്ച് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താഴെ പറയും പ്രകാരം തെരുവു വിളക്കുകളുണ്ട്.

| ഇനം | എണ്ണം |
|---|---|
| സിഎഫ്എൽ 1*18 വാട്ട് | 25 |
| സോഡിയം വേപ്പർ ലാമ്പ് 250 വാട്ട് | 20 |
| ഓർഡിനറി ബൾബ് 60 വാട്ട് | 615 |
| ഓർഡിനറി ബൾബ് 40 വാട്ട് | 615 |
| സിംഗിൾ ട്യൂബ് | 202 |

| | |
|---|---|
| ഫ്ലൂറസന്റ് ട്യൂബ് 2*40 വാട്ട് | 570 |

കെ.എസ്.ഇ.ബിയുമായി സംയുക്തപരിശോധന നടത്തി തെരുവുവിളക്കുകളുടെ കൃത്യമായ കണക്ക് തയ്യാറാക്കേണ്ടതാണ്.നിലവിൽ വൈദ്യുതി ബോർഡിന്റെ ഡിമാന്റ് അനുസരിച്ചുള്ള തുകയാണ് ഒടുക്കിവരുന്നത്. പ്രതിമാസം 181272/-രൂപ വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഗ്രാമപഞ്ചായത്ത് ഒടുക്കുന്നുണ്ട്.

## 1-11 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 1-11-2016 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 72051/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-12. മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 5-10-2016 | 9/2016 | ലഭ്യമായിട്ടില്ല.(7/16 വരെയുള്ള ഓഡിറ്റ് റിപ്പോർട്ട് 22.10.16 ന് ലഭിച്ചു. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.9.2001 - 29.9.2001 | 1997-98 മുതൽ 1999-2000 വരെ | 18.1.2002 |

## 1-13 പൊതു വിവരങ്ങൾ

| | |
|---|---|
| വിസ്തീർണ്ണം | 30.27ച.കി.മീ |
| വാർഡുകൾ | 20 |
| ജനസംഖ്യ | 34451 |
| സ്ത്രീ | 17641 |
| പുരുഷൻ | 16810 |
| പട്ടികജാതി | 6332 |
| പട്ടികവർഗ്ഗം | - |
| ബ്ലോക്ക് | പാലക്കാട് |
| നിയമസഭാ മണ്ഡലം | കോങ്ങാട് |
| ലോകസഭാ മണ്ഡലം | പാലക്കാട് |
| താലൂക്ക് | പാലക്കാട് |

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഷോപ്പിംഗ് കോംപ്ലക്സ് വാടക - കുടിശ്ശിക പിരിച്ചെടുത്തിട്ടില്ല

2015–16 സാമ്പത്തിക വർഷം വാടക ഡിമാന്റ് രജിസ്റ്ററിൽ കുടിശ്ശിക ഇനത്തിൽ 279928/- രൂപ പിരിച്ചെടുക്കാനുണ്ട്. കൃത്യമായി വാടക ഒടുക്കാതെ വർഷങ്ങളായി ഒരേ വാടകക്കാർ തന്നെ കട മുറികൾ കൈവശം വച്ച് വരികയാണ്. കൃത്യസമയത്ത് വാടക ഒടുക്കാത്ത വാടകക്കാർക്കെതിരെ അവർ

ഗ്രാമപഞ്ചായത്തുമായി ഏർപ്പെട്ടിട്ടുള്ള കരാറിലെ വ്യവസ്ഥകൾക്കനുസൃതമായോ, കേരള പഞ്ചായത്ത് രാജ് ആക്ടിലേയും ചട്ടങ്ങളിലേയും വ്യവസ്ഥകൾക്ക് അനുസൃതമായോ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. വാടക കുടിശ്ശികയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് കാലയളവിന് മുമ്പ് നിലനിൽക്കുന്ന കുടിശ്ശിക :

| ക്രമ നം | പേര് | കടമുറി നം | വർഷം | പ്രതിമാസ വാടക | വർഷാവസാന കുടിശ്ശിക |
|---|---|---|---|---|---|
| 1 | താജുന്നീസw/o ഇബ്രാഹിം | 144 | 01/05-03/05 | 791 | 2373 |
| | | | 2005-06 | 831 | 9972 |
| | | | 2006-07 | 873 | 10476 |
| | | | 2007-08 | 917 | 11004 |
| | | | 2008-09 | 963 | 11556 |
| | | | 2009-10 | 1011 | 13212 |
| | | | 2010-11 | 1106 | 13272 |
| | | | 2011-12 | 1162 | 13944 |
| | | | 2012-13 | 1221 | 14652 |
| | | | 2013-14 | 1282 | 15384 |
| | | | 2014-15 | 1346 | 16152 |

| | | | | | |
|---|---|---|---|---|---|
| 2 | സെക്രട്ടറി, മിൽക്ക് സൊസൈറ്റി | 8,137 | 2/2011വരെ | - | 38327 |
| | | | 01/15-2/15 | 1307 | 2614 |
| 3 | പൊന്നൻ,ഐശ്വര്യ ടീ സ്റ്റാൾ | Plot-1 | 5/2012 വരെ | 184 (2011-12 ലെ വാടക) | 17283 |
| 4 | പ്രസിഡന്റ്, സ്വാശ്രയ കർഷകസമിതി | 32 | 4/14 മുതൽ 3/15വരെ | 235 | 2820 |
| 5 | V.F.P.C.K, ഡിസ്.മാനേജർ | 1023 | 11/14 മുതൽ 3/15 വരെ | 1575 | 7875 |
| | | | ആകെ | | 200916 |

ഓഡിറ്റ് കാലയളവിലെ കുടിശ്ശിക:

| ക്രമ നം | പേര് | കടമുറി നം | വർഷം | പ്രതിമാസ വാടക | വർഷാവസാന കുടിശ്ശിക |
|---|---|---|---|---|---|
| 1 | സൈനബ w/oമുഹമ്മദ് യൂസഫ് | 16 | 6/15,7/15, 10/15-03/16 | 601 | 4808 |
| 2 | നൂർജഹാൻ w/o ഹനീഫ | 140 | 04/15 | 1241 | 1241 |
| 3 | താജുന്നീസw/o ഇബ്രാഹിം | 144 | 04/15-03/16 | 1413 | 16956 |
| 4 | സെക്രട്ടറി, സർവീസ് | 7/1021 | 07/15-03/16 | 1655 | 14895 |

| | | | | | |
|---|---|---|---|---|---|
| | കോപ്പറേറ്റീവ് ബാങ്ക്, പറളി. | | | | |
| 5 | സെക്രട്ടറി, സർവീസ് കോപ്പറേറ്റീവ് ബാങ്ക്, പറളി. | 7/1022 | 07/15-03/16 | 1655 | 14895 |
| 6 | V.F.P.C.K, ഡിസ്.മാനേജർ | 7/1023 | 08/15-03/16 | 1654 | 13232 |
| | | | ആകെ | | 66027 |

ഷോപ്പിങ് കോംപ്ലക്സിൽ നിന്ന് കൃത്യമായി വാടക കുടിശ്ശിക പിരിച്ചെടുത്ത് പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. യഥാസമയം വാടക പിരിച്ചെടുക്കുന്നതിനും കുടിശ്ശിക വരുത്തുന്ന വാടകക്കാർക്കെതിരെ ആർ.ആർ നടപടി സ്വീകരിച്ച് കടമുറി ഒഴിപ്പിക്കുന്നതിനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## **2-2** <u>വീട്ടുവാടക, സിസിഎ, ടിഎ എന്നിവ തൊഴിൽ നികുതി കണക്കാക്കുന്നതിൽ നിന്നും ഒഴിവാക്കേണ്ടതാണ്</u>

പഞ്ചായത്തിലെ മിക്ക സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി കണക്കാക്കിയതിൽ വീട്ടുവാടക ഉൾപ്പെടുത്തിയിട്ടുണ്ട്. 24-08-2005 ലെ പഞ്ചായത്ത് രാജ് ആക്ട് 1994/sec.204 തൊഴിൽ നികുതി ഭേദഗതി പ്രകാരം വീട്ടുവാടക, സിസിഎ, ടിഎ എന്നിവ തൊഴിൽ നികുതി കണക്കാക്കുന്നതിൽ നിന്നും ഒഴിവാക്കേണ്ടതാണ്. ഭാവിയിൽ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

## 2-3 അംഗീകൃത അൺ എയ്ഡഡ് സ്കൂളിൽ നിന്നും നിയമാനുസൃത തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1988 ലെ CBSE Affiliation പ്രകാരം ഇന്ത്യയിൽ പ്രവർത്തിക്കുന്ന CBSE സ്കൂൾ ജീവനക്കാർക്ക് അതേ തസ്തികയിൽ ജോലി ചെയ്യുന്ന സംസ്ഥാന സർക്കാർ സ്കൂളുകളിലെ ജീവനക്കാർക്ക് നൽകുന്ന ശമ്പളസ്കെയിലിലെ വേതനവും മറ്റാനുകൂല്യങ്ങളും നൽകണമെന്നാണ് വ്യവസ്ഥ.(CBSE Affiliation ബൈലോയിലെ ഖണ്ഡിക 3(v) കാണുക.) എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ ബാപ്പുജി ഇംഗ്ലീഷ് മീഡിയം സ്കൂൾ, മുജാഹിദ്ദീൻ എൽ.പി.സ്കൂൾ, മുജാഹിദ്ദീൻ ഹയർ സെക്കൻഡറി സ്കൂൾ എന്നീ സ്ഥാപനമേധാവികൾ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേണുകളിൽ (2015-16 ഒന്നും രണ്ടും അർധവർഷം) രേഖപ്പെടുത്തിയ ജീവനക്കാരുടെ ശമ്പളവിവരം പരിശോധിച്ചതിൽ സംസ്ഥാന സർക്കാർ നിർദ്ദേശിച്ച നിരക്കിൽ ശമ്പളവും മറ്റാനുകൂല്യങ്ങളും ലഭ്യമാക്കിയിട്ടില്ല. മാത്രമല്ല സർക്കാർ നിർദ്ദേശിച്ച നിരക്കിനേക്കാൾ വളരെ കുറഞ്ഞ നിരക്കിലാണ് ശമ്പളവും മറ്റാനുകൂല്യങ്ങളും ജീവനക്കാർക്ക് നൽകിയിരിക്കുന്നത്. ആയതിനാൽ തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. CBSE സ്കൂൾ ജീവനക്കാർക്ക് അർഹതപ്പെട്ട ശമ്പളം പ്രകാരമുള്ള അർദ്ധവാർഷിക വരുമാന റിട്ടേണുകളാണോ സ്ഥാപനമേധാവികൾ ലഭ്യമാക്കുന്നത് എന്ന് ശ്രദ്ധിക്കേണ്ടതാണ്.

## 2-4 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിനു കീഴിലുള്ള താഴെ പറയുന്ന സ്ഥാപനങ്ങൾ 2015-16 വർഷത്തിൽ സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടില്ല. വിശദവിവരം താഴെ

ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | വർഷം |
|---|---|---|
| 1 | മാവേലി സ്റ്റോർ, പറളി | 2015-16 ഒന്നും രണ്ടും അർധവർഷം |
| 2 | ജില്ല സഹകരണ ബാങ്ക്, പറളി | 2015-16 ഒന്നും രണ്ടും അർധവർഷം |
| 3 | കെ.എസ്.ഇ.ബി,പറളി | 2015-16 ഒന്നും രണ്ടും അർധവർഷം |
| 4 | ചോയ്സ് പാക്കേജിംഗ്,പറളി | 2015-16 ഒന്നും രണ്ടും അർധവർഷം |
| 5 | കർണകി മെറ്റൽ ഇൻഡസ്ട്രീസ്, തേന്നൂർ | 2015-16 ഒന്നും രണ്ടും അർധവർഷം |
| 6 | കർണകിസെറാമിക്സ് ഇൻഡസ്ട്രീസ്, തേന്നൂർ | 2015-16 ഒന്നും രണ്ടും അർധവർഷം |
| 7 | കർണകി റിഫ്രാക്ടറീസ് & സെറാമിക്സ്, തേന്നൂർ | 2015-16 ഒന്നും രണ്ടും അർധവർഷം |

## 2-5 സാനിട്ടറി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ ഭക്ഷ്യോൽപ്പന്നങ്ങളുമായി ബന്ധപ്പെട്ട വ്യവസായങ്ങൾക്ക് അനുമതി നൽകി

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക V പ്രകാരം അനുമതി പത്രം ആവശ്യമായ വ്യവസായങ്ങളിലുൾപ്പെട്ട ഭക്ഷ്യോൽപ്പന്നങ്ങളുമായി ബന്ധപ്പെട്ട വ്യപാരങ്ങൾ നടത്തുന്നതിന് ഹെൽത്ത് ഇൻസ്പെക്ടറിൽ നിന്നും സാനിട്ടറി ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, ഡി & ഒ

ലൈസൻസ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉൾപ്പെട്ട ഹോട്ടൽ, ബേക്കറി, ഭക്ഷ്യ നിർമ്മാണ യൂണിറ്റുകൾ എന്നിങ്ങനെ ഭക്ഷ്യോൽപ്പന്നങ്ങളുമായി ബന്ധപ്പെട്ട വ്യപാരങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾക്ക് ഹെൽത്ത് ഇൻസ്പെക്ടറിൽ നിന്നുള്ള സാനിട്ടറി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് ലൈസൻസ് അനുവദിച്ചിരിക്കുന്നത്. ഉദാഹരണമായി അവയിൽ ചിലത് താഴെ ചേർക്കുന്നു.

| ക്രമ നം | ലൈസൻസിയുടെ പേര് | രശീതി നം / തിയതി | വർഷം |
|---|---|---|---|
| 1 | സ്വാമിനാഥൻ,ന്യൂ പ്രഭ ബേക്കറി, എടത്തറ | 11410102094 / 17.03.2015 | 2015-16 |
| 2 | അബൂബക്കർ, ന്യൂ സ്റ്റാർ ബേക്കറി, പറളി | 11410101739 / 07.03.2015 | 2015-16 |
| 3 | ആമിന,പി.കെ.എസ്. ബേക്കറി, പറളി | 11410102706 / 26.03.2015 | 2015-16 |
| 4 | വാസു, പ്രസാദ്ഹോട്ടൽ, കിണാവല്ലൂർ | 11410102718 / 26.03.2015 | 2015-16 |
| 5 | സെയ്തലവി, ബിരിയാണി സെൻ്റർ,പറളി | 11410102675 / 26.03.2015 | 2015-16 |
| 6 | ലത്തീഫ്, മാസ്റ്റർ ബേക്കറി, പറളി | 11510101283 / 04.06.2015 | 2015-16 |

സാനിട്ടറി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയതിനുശേഷം മാത്രം ലൈസൻസ് അനുവദിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 2-6 ഡി &ഒ ലൈസൻസ് അപാകതകൾ

2015-16 വർഷത്തെ ഡി &ഒ ലൈസൻസ് അപേക്ഷകളിൽ അപേക്ഷയെക്കുറിച്ചുള്ള അന്വേഷണ റിപ്പോർട്ട് രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷകളൊന്നിലും ഒരു ദിവസത്തെ വിറ്റുവരവ് എത്ര രൂപ എന്ന കോളം പൂരിപ്പിച്ചിട്ടില്ല. അപേക്ഷകളിൽ പഞ്ചായത്ത് സെക്രട്ടറിയുടെ തീരുമാനം എഴുതിചേർത്തിട്ടില്ല കൂടാതെ മിക്ക അപേക്ഷകളിലും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 2-7 വെള്ളക്കരം കുടിശ്ശിക – പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

പഞ്ചായത്ത് നേരിട്ട് നടപ്പാക്കുന്ന കുടിവെള്ള പദ്ധതിയിൽ 2015-16 വർഷത്തിൽ 775 ഗുണഭോക്താക്കളാണുള്ളത്. ഗാർഹിക നിരക്ക് 50/- രൂപയും ഗാർഹകേതര നിരക്ക് 150/- രൂപയുമെന്ന നിരക്കിലാണ് വെള്ളക്കരം ഈടാക്കുന്നത്. കുടിശ്ശിക വരുത്തുന്ന ഗുണഭോക്താക്കളിൽ നിന്നും പിഴ ഈടാക്കുന്നില്ല. മാത്രമല്ല, വാട്ടർ കണക്ഷൻ വിച്ഛേദിക്കുന്നതു പോലുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ല. വർഷം തിരിച്ചുള്ള കുടിശ്ശിക ഫീൽഡ് സർവ്വെ നടത്തി കൃത്യമായി കണക്കാക്കി കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കേണ്ടതാണ്. മാതൃക ബൈലോ തയ്യാറാക്കി ചിലവിനാനുപാതികമായി വരവ് കണ്ടെത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തെരുവ് വിളക്കുകളുടെ റിപ്പയർ

2015-16 വർഷം ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ റിപ്പയറിനായി സെക്രട്ടറി നിർവഹണഉദ്യോഗസ്ഥനായി താഴെ പറയുന്ന രണ്ട് പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

| പ്രൊജക്ട് നം | | അടങ്കൽ | | കരാർ തുക | തൻ വർഷത്തെ ചെലവ് |
|---|---|---|---|---|---|
| 41/16 | തെരുവ് വിളക്ക് റിപ്പയർ | 700000 | ശ്രീ.ഗിരീഷ് കുമാർ | 1/29.6.15- Rs.635000/- | 148500 |
| 67/16 | സി.എഫ്.എൽ | 700000 | അദ്വൈത് അസോസിയേറ്റ്സ്. | -/29.9.15 600000/- | 148500 |

മേൽപദ്ധതികൾ പ്രകാരം ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ റിപ്പയർ കരാറടിസ്ഥാനത്തിൽ രണ്ട് സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ പറയുന്നു.

1. സർക്കാർ ഉത്തരവ് (2/2015/ത.സ്വ.ഭ.വ തിയതി-1.1.15& 2134/15/15.7.15

എന്നിവ പ്രകാരം തെരുവ് വിളക്കുകളുടെ വിതരണവും പരിപാലനവും സംബന്ധിച്ച മുഴുവൻ പ്രവർത്തികളും ക്രൂസ് മുഖേന നടത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മേൽ വ്യവസ്ഥ നിർവഹണ ഉദ്യോഗസ്ഥൻ പാലിച്ചിട്ടില്ല.

2. തെരുവ് വിളക്കുകളുടെ റിപ്പയറിന് കരാർ നൽകുമ്പോൾ ഓരോ ഇനത്തിനും കെ.എസ്.ഇ.ബി.യുടെ നിരക്കിൽ അധികരിക്കരുത് എന്ന് വ്യവസ്ഥയുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് കരാർ നൽകുമ്പോൾ ഓരോ ഇനത്തിനുമുള്ള നിരക്ക് വ്യക്തമാക്കാതെ ആകെ കരാർ തുക മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ബിൽ നല്കുമ്പോഴും റിപ്പയർ ചെയ്ത എണ്ണത്തെ അടിസ്ഥാനമാക്കിയല്ല തുക നൽകിയിട്ടുള്ളത്. ആകെ കരാർ തുക 4 ഗഡുക്കളായി കരാറുകാരന് നൽകുകയാണ് ചെയ്തത്. കരാറുകാരൻ ചെയ്ത റിപ്പയർ പ്രവർത്തിയുടെ അളവ് (എണ്ണം, ഇനം) കണക്കിലെടുക്കാതെ തുക നൽകുന്നതിനാൽ ഗ്രാമപഞ്ചായത്തിന് സാമ്പത്തിക നഷ്ടമുണ്ടാകുന്നു.

3. റിപ്പയർ ചെയ്ത തെരുവ് വിളക്കുകൾ സംബന്ധിച്ച് കെ.എസ്.ഇ.ബി.യിൽ നിന്നുള്ള സാക്ഷ്യപത്രം കരാറുകാരൻ ഹാജരാക്കിയിട്ടില്ല. കെ.എസ്.ഇ.ബി.യുടെ അനുമതിയോടെ മാത്രം നടത്താവുന്ന പ്രവർത്തി സംബന്ധിച്ച വൈദ്യുതി വകുപ്പിൽ നിന്നും രേഖകളൊന്നും ലഭ്യമാക്കാതെ കരാറുകാരന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ കരാർ തുക നൽകിയത് ക്രമപ്രകാരമല്ല

4. ഗ്രാമപഞ്ചായത്ത് കെ.എസ്.ഇ.ബി.യിൽ നിന്നും ലഭ്യമാക്കിയ തെരുവ് വിളക്കുകളുടെ സ്റ്റേറ്റ്മെന്റ് പ്രകാരം 25 CFL മാത്രമാണ് നിലവിലുള്ളത്. കൂടാതെ പ്രതിമാസം 25 CFL നുള്ള വൈദ്യുതി ചാർജ് മാത്രമാണ് ഗ്രാമപഞ്ചായത്ത് ഒടുക്കുന്നത്.. എന്നാൽ 896 CFL റിപ്പയർ ചെയ്യുന്നതിനാണ് 67/16 നമ്പർ

പ്രൊജക്റ്റ് പ്രകാരം റിപ്പയർ ചാർജ് നൽകിയിട്ടുള്ളത്. നിലവിലില്ലാത്ത വിളക്കുകൾ റിപ്പയർ ചെയ്യുന്നതിന് പദ്ധതി തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല(ഓഡിറ്റ് എൻക്വയറി നം 7/7.11.16).

സർക്കാർ നിബന്ധനകൾ പാലിക്കാതെയും രേഖകളുടെ അഭാവത്തിലും പദ്ധതിക്കായി തൻവർഷം ചെലവഴിച്ച 297000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-2 തെരുവ് വിളക്ക് - വൈദ്യുതി ചാർജിനത്തിൽ സാമ്പത്തികനഷ്ടം

ഗ്രാമപഞ്ചായത്ത് തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ നിലവിൽ 181272/- രൂപ പ്രതിമാസം ഒടുക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം (KSEBയിൽ നിന്നും ലഭിച്ചത്) തെരുവ് വിളക്കുകളുടെ എണ്ണം താഴെ കൊടുക്കുന്നു.

| ഇനം | എണ്ണം |
|---|---|
| സോഡിയം വേപ്പർ ലാമ്പ് | 20 |
| ഡബിൾ ട്യൂബ് | 570 |
| സിംഗിൾ ട്യൂബ് | 202 |
| ബൾബ് | 615 |

| | |
|---|---|
| സി.എഫ്.എൽ | 25 |
| ആകെ | 1432 |

മേൽ കണക്ക് പ്രകാരമുള്ള 615 സാധാരണ ബൾബുകൾക്ക് പ്രതിമാസം വൈദ്യുതി ചാർജിനത്തിൽ ഒടുക്കുന്നുണ്ട്. 60 watt ബൾബിന് 94 രൂപ നിരക്കിലാണ് കെ.എസ്.ഇ.ബി. വൈദ്യുതി ചാർജ് ഈടാക്കുന്നത്. എന്നാൽ ഗ്രാമപഞ്ചായത്ത് 2014 മുതൽ ബൾബ് വാങ്ങുകയോ റിപ്പയർ ചെയ്യുന്നതിനായി ഇഷ്യു ചെയ്യുകയോ ചെയ്തിട്ടില്ല എന്ന് രേഖകൾ സൂചിപ്പിക്കുന്നു.മുൻ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നുവെങ്കിലും നിലവിലില്ലാത്ത ബൾബുകൾക്ക് വൈദ്യുതി ചാർജ് നൽകുന്നത് ഒഴിവാക്കുന്നതിനുള്ള യാതൊരു നടപടിയും ഗ്രാമപഞ്ചായത്ത് നാളിതുവരെ സ്വീകരിച്ചിട്ടില്ല.കെ.എസ്.ഇ.ബി.യുമായി സംയുക്തപരിശോധന നടത്തി അടിയന്തിരമായി തെരുവ് വിളക്കുകളുടെ എണ്ണത്തിൽ വ്യക്തത വരുത്തേണ്ടതും ബൾബുകൾ മാറ്റി സി.എഫ്.എൽ. സ്ഥാപിച്ച തിയതി അടിസ്ഥാനമാക്കി നാളിതുവരെ ഒടുക്കിയ അധികവൈദ്യുതി ചാർജ് ക്രമീകരിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം അധികം നൽകിയ വൈദ്യുതി ചാർജ് സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## 3-3 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ വിവിധ പദ്ധതികൾക്കായി നിർവഹണഉദ്യോഗസ്ഥർ പദ്ധതിവിഹിതം മറ്റ് സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.എന്നാൽ

തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. പദ്ധതിഫണ്ട് സംയുക്തപ്രൊജക്ടുകൾക്ക് വേണ്ടി ഡെപ്പോസിറ്റ് ചെയ്യുമ്പോൾ പ്രവൃത്തി സമയബന്ധിതമായി നടപ്പിലാകുന്നു എന്ന് നിർവഹണഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ് വിനിയോഗരേഖകൾ ലഭ്യമാക്കേണ്ടതുമാണ്.

നിർവഹണം - വെറ്റിനറി സർജൻ

| പ്രൊജക്ട് & നം | ബിൽ നം/ തിയതി | ചെലവ് | തുക കൈപ്പറ്റിയത് |
|---|---|---|---|
| കന്നുകുട്ടി പരിപാലനം (128/15-16) | 2/21.3.16 | 100000 | അസി.ഡയറക്ടർ<br>calf feed subsidy programme.<br>പാലക്കാട് |

നിർവഹണം - അസിസ്റ്റന്റ് സെക്രട്ടറി

| പ്രൊജക്ട് & നം | ബിൽ നം/ തിയതി | ചെലവ് | തുക കൈപ്പറ്റിയത് |
|---|---|---|---|
| മീഡിയാശ്രീ. (121/15-16) | 1/15.9.15 | 65000 | ജില്ലാ മിഷൻ കോഓർഡിനേറ്റർ<br>കുടുംബശ്രീ ജില്ലാമിഷൻ<br>പാലക്കാട് |

നിർവഹണം -സെക്രട്ടറി

| പ്രൊജക്ട് & നം | ബിൽ നം/ തിയതി | ചെലവ് | തുക കൈപ്പറ്റിയത് |
|---|---|---|---|
| തെരുവ് നായ്ക്കളുടെ | 911/2/2/16 | 350000/ | ജില്ലാപഞ്ചായത്ത് |

| | | | |
|---|---|---|---|
| പ്രജനനനിയന്ത്രണം (213/16) | 26.10.15<br>ചെക്ക് നം - 1032833/18.2.16 | | |

# 3-4 അങ്കണവാടികളുടെ ഭൗതികസാഹചര്യം - അവലോകനം

ഗ്രാമപഞ്ചായത്തിൽ 42 അങ്കണവാടികൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്.എന്നാൽ ഇവയ്ക്കാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിൽ ഗ്രാമപഞ്ചായത്ത് ശ്രദ്ധിച്ചിട്ടില്ല.

അങ്കണവാടികളുടെ അടിസ്ഥാന വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | | |
|---|---|---|
| 1. | അങ്കണവാടികളുടെ എണ്ണം | 42 |
| 2. | സ്വന്തമായി കെട്ടിടമുള്ളവയുടെ എണ്ണം | 35 |
| 3. | വാടക കെട്ടിത്തിൽ പ്രവർത്തിക്കുന്നവ | 5 |
| 4. | ടോയ് ലറ്റ് സൗകര്യം ഉള്ളവയുടെ എണ്ണം | 36 |
| 5. | ബേബി ഫ്രണ്ട് ലി ടോയ് ലറ്റ് ഉള്ളവ | ഒന്നുമില്ല |
| 6 | വൈദ്യുതി ഉള്ളവ | 37 |
| 7. | കുടിവെള്ളം ലഭ്യമായവ | 31 |

കുടിവെള്ളം,വൈദ്യുതി കണക്ഷൻ,ടോയ് ലെറ്റ് തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ പല അംഗൻവാടികളിലും നിലവിലില്ല. അങ്കണവാടി കെട്ടിടങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും വൈദ്യുതീകരണം, ചുറ്റുമതിൽ, ബേബി ഫ്രണ്ട് ലീ ടോയ് ലറ്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 3-5 മരാമത്ത് പ്രവർത്തികൾ- ഫൈൻ ഈടാക്കിയിട്ടില്ല

മരാമത്ത് പ്രവൃത്തികളിലെ എഗ്രിമെന്റ് വ്യവസ്ഥ നം. 7 പ്രകാരം മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കുവാൻ സാധിക്കാതിരുന്നാൽ കാലാവധിയുടെ അഞ്ചിലൊന്നു സമയം (20%) കൂടി പിഴയില്ലാതെ അനുവദിക്കാവുന്നതാണ്. അതിൽ കൂടുതൽ വരുന്ന 3 മാസം വരെ സമയം കരാർ തുകയുടെ 1% പിഴ ചുമത്തികൊണ്ടും പിന്നീട് വേണ്ടി വരുന്ന ഓരോ മൂന്ന് മാസത്തിനും കരാർ തുകയുടെ 2% പിഴ ചുമത്തികൊണ്ട് മാത്രമേ കാലാവധി നീട്ടി നൽകാവൂ. പ്രവൃത്തി പൂർത്തീകരിക്കാൻ കൂടുതൽ കാലയളവ് ആവശ്യമായ പ്രോജക്ടുകൾ ബഹുവർഷ പ്രോജക്ടുകളായി അംഗീകാരം വാങ്ങുകയോ ഘട്ടം ഘട്ടമായ പ്രവൃത്തികളാക്കി അംഗീകാരം വാങ്ങുകയോ ചെയ്ത് നടപ്പിലാക്കുന്നതിനു പകരം പ്രവർത്തി നിശ്ചിത കാലയളവിൽ ചെയ്ത് തീർക്കാമെന്ന് കരാറിൽ ഏർപ്പെടുകയും പൂർത്തീകരണ കാലാവധി നീണ്ടുപോവുകയും പിഴ ഒടുക്കാതിരിക്കുകയും ചെയ്യുന്ന നടപടി അംഗീകരിക്കാവുന്നതല്ല.

താഴെ പറയുന്ന പ്രവൃത്തികളുടെ ബില്ലിൽ നിന്നും നിബന്ധനപ്രകാരമുള്ള പിഴ ഈടാക്കാതെ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

| പ്രൊജക്ട് | എഗ്രിമെന്റ് / അടങ്കൽ | പൂർത്തിയാക്കേണ്ട തിയതി | പൂർത്തിയാക്കിയ തിയതി | ബിൽ നം/ തുക | ഈടാക്കേണ്ട ഫൈൻ |
|---|---|---|---|---|---|
| ചെമ്മിണിപറമ്പ് സാംസ്കാരികനിലയം | 62/14.1.15 | 31.3.15 | 18.5.15 | 2/14.7.15 – 687874/- | 16-4-15 to |

| | | | | | |
|---|---|---|---|---|---|
| (175/16)<br>MB – 334/14<br>കരാറുകാരൻ - കെ.കെ.പ്രഭാകരൻ | 700000 | | | | 18.5.15 – 700000 x1% x33/90 =2567 |
| ഓടനൂർ വടക്കുമുറി റോഡ് (169/16)<br>MB-11/15-16<br>കരാറുകാരൻ- കെ.കെ.പ്രഭാകരൻ | 83/ 28.3.15<br>- 250000 | 31.3.15 | 20.8.15 | 5/15.9.15- 201687 | 2.4.15 to 1.7.15 – 250000 x1% = 2500<br>2.7.15 to 20.8.15 =250000 x2% x50/90 = 2778<br>Total = 5278 |
| വലിയകാട് SC കോളനി കിണർ റിപ്പയർ<br>MB- 13/15<br>കരാറുകാരൻ- കെ.കെ.പ്രഭാകരൻ | 91/30.3.15<br>100000 | 31.3.15 | 25.8.15 | 6/15.9.15 – 25875+73454 (ownfund) | 2.4.15 to 1.7.15 = 1000<br>2.7.15 to 25.8.15 =611<br>Total = 1611 |
| | | | | | 9456 |

തുക കരാറുകാരിൽ നിന്നോ നിർവഹണഉദ്യോഗസ്ഥയായ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-6 പൊതുമരാമത്ത് പ്രവർത്തികൾ - ചട്ടങ്ങൾ പാലിക്കേണ്ടതാണ്.

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 7 അനുസരിച്ച് എസ്റ്റിമേറ്റ് പ്രകാരമുള്ള സാധന സാമഗ്രികളുടെ അളവ്, ഗുണനിലവാരം, വില, കണക്കാക്കപ്പെട്ട തൊഴിൽ ദിനങ്ങൾ, കൂലി, മതിപ്പ് ചെലവ് എന്നിവ മലയാളത്തിൽ തയ്യാറാക്കിവെക്കണം എന്ന നിബന്ധന പാലിക്കുന്നില്ല. ചട്ടം 17 അനുസരിച്ച് മരാമത്ത് പണി സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുകയും അടുത്ത ഗ്രാമസഭയിൽ വെക്കുകയും വേണം. സംക്ഷിപ്ത വിവരം പണി നടക്കുന്ന സ്ഥലത്ത് പ്രദർശിപ്പിക്കണം. എന്നാൽ മേൽ വ്യവസ്ഥകൾ ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടില്ല.

കൂടാതെ സ.ഉ(പി). 13/2012/PWD തിയതി 1-2-2012 പ്രകാരമുള്ള കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ കരാർ സംബന്ധിച്ച വ്യവസ്ഥകളും ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടില്ല. 2015-16 വർഷത്തിൽ ടെണ്ടർ ലഭിച്ച കരാറുകാരുമായുള്ള എഗ്രിമെന്റ് വ്യവസ്ഥകൾ മാന്വലിലെ നിബന്ധനകൾക്കനുസരിച്ച് പരിഷ്കരിച്ചിട്ടില്ല. ആയതിനാൽ കാലഹരണപ്പെട്ട പല വ്യവസ്ഥകളും കരാറിൽ ഉൾപ്പെട്ടിട്ടുണ്ട്. എഗ്രിമെന്റ് വ്യവസ്ഥകൾ നിലവിലെ നിയമങ്ങൾക്കും ഉത്തരവുകൾക്കുമനുസൃതമായി തയ്യാറാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 ആശ്രയ പദ്ധതി

സമൂഹത്തിലെ നിരാലംബരും നിരാശ്രയരുമായ കുടുംബങ്ങളെ സാമൂഹിക, സാമ്പത്തിക പിന്നോക്കാവസ്ഥയിൽ നിന്ന് കരകയറ്റുന്നതിനായിട്ടുള്ള കേരള സർക്കാരിന്റെ പദ്ധതിയാണ് ആശ്രയ. ജി.ഒ. എം.എസ്)നം. 71/2003/ പ്ലാനിംഗ്/12.11.2003 അനുസരിച്ചാണ് ആശ്രയ പദ്ധതി ആദ്യമായി ആരംഭിച്ചത്. തുടർന്ന് വിവിധ ഉത്തരവുകളിൽ ഈ പദ്ധതിയ്ക്ക് സമൂലമായ മാറ്റങ്ങൾ വരുത്തുകയുണ്ടായി. സ.ഉ(എം എസ്)നം.362/2013/ത.സ്വ.ഭ.വ. തി. 16.11.2013 പ്രകാരം അയൽക്കൂട്ടങ്ങൾ അഗതി കുടുംബങ്ങളെ കണ്ടെത്തുകയും, അപ്രകാരം കണ്ടെത്തുന്ന അഗതി കുടുംബങ്ങളുടെ നിലനിൽപിനും, സാമൂഹ്യമായ മുന്നേറ്റങ്ങൾക്കും വേണ്ടി ആശ്രയ എന്ന പ്രൊജക്ട് തയ്യാറാക്കിയിരിക്കണം. പറളി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 25.03.08-ലെ 7(2) നമ്പർ തീരുമാന പ്രകാരം അഗതികളുടെ പുനരധിവാസത്തിനായി 4606280 രൂപ അടങ്കലുള്ള ഒരു കർമ്മ പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങിയിരുന്നു. 2001-11 ൽ പൂർത്തിയാക്കേണ്ടിയിരുന്ന 46.06 ലക്ഷം രൂപ അടങ്കലുള്ള കർമ്മ പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങിയതല്ലാതെ പദ്ധതി നടപ്പിലാക്കിയില്ല. മാർഗ്ഗരേഖ പ്രകാരം നിർബന്ധിത വകയിരുത്തൽ നടത്തേണ്ടിയിരുന്ന പ്രോജക്ട് ആയിട്ടും നാളിതുവരെ ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതികളിൽ ആശ്രയ പദ്ധതിക്കായി തുക വകയിരുത്തിയിട്ടില്ല. ആശ്രയ പദ്ധതി അക്കൗണ്ടിൽ (SBT Parli Br. A/c. No.67139434412) ചലഞ്ച് ഫണ്ട് ഇനത്തിൽ വരവ് വന്ന 15 ലക്ഷം രൂപയിൽ (ക്രഡിറ്റ് തീയതി 13.11.11) നിന്നുള്ള ആകെ ചെലവ് 2011 ആഗസ്റ്റ് മാസം 10875 രൂപയുടെ ഭക്ഷ്യധാന്യങ്ങൾ വാങ്ങി വിതരണം ചെയ്തതിനാണ്.വി.ഇ.ഒ.നിർവഹണം നടത്തിയ വിവിധ ഭവനപദ്ധതികകളുടെ ഭാഗമായി ചില ആശ്രയകുടുംബങ്ങൾക്ക് ആനുകൂല്യം നൽകിയതല്ലാതെ

ആശ്രയ പദ്ധതി നടപ്പിലാക്കുന്നതിനുള്ള യാതൊരു നടപടിയും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. സർവ്വേയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിവരങ്ങൾ അടിസ്ഥാനമാക്കി അഗതി കുടുംബങ്ങൾക്ക് നൽകിയ ആനുകൂല്യങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ഇനം | |
|---|---|
| പ്രൊജക്ട് പ്രകാരം ആകെ ഗുണഭോക്താക്കൾ* | 55( ഇതിൽ 13 പേർ മരണമടഞ്ഞു) |
| പ്രൊജക്ടുപ്രകാരം വീടുവയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 6 |
| നാളിതുവരെ ലഭിച്ചവർ | 1 |
| പ്രൊജക്ടുപ്രകാരം വീട് ആവശ്യമുള്ളവർ | 33 |
| നാളിതുവരെ ലഭിച്ചവർ | 8 |
| വീട് റിപ്പയർ ആവശ്യമുള്ളവർ | 12 |
| നാളിതുവരെ ലഭിച്ചവർ | -- |

ആശ്രയ ഗുണഭോക്താക്കളുടെ സമഗ്ര ഉന്നമനത്തിനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പാക്കുകയും ചെയ്യുന്നതിൽ ഭരണസമിതിയും അധികാരികളും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾ

| വിഹിതം നൽകിയ | തുക ലഭിച്ച | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| സ്ഥാപനം | വർഷം | | | | |
| പാലക്കാട് ബ്ലോക്ക് | 2015-16 | 60000 | ശാരീരീക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 60000 | - |
| | " | 472500 | ഉഴവുകൂലി | 472500 | |
| ജില്ലാപഞ്ചായത്ത് | " | 792000 | ഉഴവുകൂലി | 792000 | - |

## **4-2** ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

നൽകിയിട്ടില്ല

## **4-3.** മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## **4-4** വായ്പ/ വായ്പ തിരിച്ചടവ്

ഒന്നുമില്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 2.3 | 2009-10 | 2.3 | ഗ്രാമസഭ-ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നില്ല. | നിലനിൽക്കുന്നു |
| 2012-13 to 2014-15 | 3-15 | 2015-16 | | മരാമത്ത് പ്രവർത്തിയുടെ ബില്ലുകൾ-ധനാപഹരണം | . |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 63210643 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 66149173 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 297000 |

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 297000 | ശ്രീ.എ.വൈ.നൗഷാദ് സെക്രട്ടറി |

| | | |
|---|---|---|
| | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | - | |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | LFP7/1106/12dt 12.12.2002 | ശുദ്ധിപത്രം |
| 1997-98 | LFP7/1307/01 dt 01/102002 | പുനരഭിപ്രായം |
| 1998-99 | LFP12/1110/03 dt 04.11.03 | ഡി ഡി പി-യ്ക്കുള്ള കത്ത് |
| 1999-00 | LFP12/392/08 dt 08.05.08 | ഡയറക്ടർ-യ്ക്കുള്ള കത്ത് |

| | | |
|---|---|---|
| 2000-01 | LFP17/135/09 dt 18.03.11 | തുടർ നടപടികൾ |
| 2001-02 | LFP12/1631/07 dt 08.04.08 | പുനരഭിപ്രായം |
| 2002-03 | LFP12/558/06 dt 24.07.07 | ഓഡിറ്റ് റിപ്പോർട്ട് |
| 2003-04 | LFP17/363/10(1)dt 06.10.10 | പുനരഭിപ്രായം |
| 2004-05 | LFP17/363/10(2)dt 06.10.10 | പുനരഭിപ്രായം |
| 2005-06 | LFP17/363/10(3)dt 06.10.10 | പുനരഭിപ്രായം |
| 2006-07 | LFP17/363/10(4)dt 06.10.10 | പുനരഭിപ്രായം |
| 2007-08 | LFP17/1032/11 dt 14.06.12 | പുനരഭിപ്രായം |
| 2008-09 | LFP17/1033/11 dt 04.06.12 | പുനരഭിപ്രായം |
| 2009-10 | LFP17/1933/11 dt 03.01.12 | പുനരഭിപ്രായം |
| 2010-11 | LFP17/2021/13 dt 10.01.14 | പുനരഭിപ്രായം |
| 2011-12 | LFP17/914/14 dt 07.06.14 | പുനരഭിപ്രായം |
| 2012-13 to 2014-15 | KSA.PKD.12/1115/15 dt 01.12.15 | പുനരഭിപ്രായം |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന
ഓഡിറ്റ് വകുപ്പ്

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ-
പികെഡി.17/2141/2016
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

ഫോൺ - 04912420145

e-mail – dopkd.ksad@kerala.gov.in

തിയതി - 31-12-2016

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ പറളി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പറളി ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## ന്യൂനതകളുടെ സംഗ്രഹം

1. ബാലൻസ് ഷീറ്റിലെ വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ ഡിമാന്റ് രജിസ്റ്ററിലെ(സഞ്ചയ) തുകകളുമായി പൊരുത്തപ്പെടുന്നില്ല.

2.ആസ്തിമൂല്യം കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD-17/2141 /2016

Kerala State Audit Department

District Audit Office,Palakkad

Date –31-12 -2016

## Audit Certificate

Certified that I have audited the Annual Financial Statement of Parli Gramapanchayat in Palakkad District for the year ended on 31-3-2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Parli Gramapanchayat for the year 2015-16 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director

## Abstract of Defects

1.Demand, collection, balance of Property Tax in AFS is different from sanchaya.
2. Asset value not updated and linked with Sankhya.

Deputy Director